STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.405/PR/SPMC/PHQ/2026 Date:09.09.2026

## പത്രക്കുറിപ്പ്

## പോലീസ് കായിക മേള നാളെ (10.09.2026) സമാപിക്കും

47-ാമത് കേരള പോലീസ് സ്റ്റേറ്റ് അത്‌ലറ്റിക്സ് & ഗെയിംസ് മീറ്റിന് നാളെ സമാപനമാകും. വൈകിട്ട് അഞ്ചിന് നടക്കുന്ന സമാപന ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി സതീശൻ വിശിഷ്ടാതിഥി ആകും. വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് അദ്ദേഹം പുരസ്കാരങ്ങൾ വിതരണം ചെയ്യും.

പോലീസ് ഉദ്യോഗസ്ഥരുടെ കായികശേഷി, ശാരീരികക്ഷമത, അച്ചടക്കം, ടീം സ്പിരിറ്റ് എന്നിവ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് കേരള പോലീസ് സ്റ്റേറ്റ് അത്‌ലറ്റിക്സ് & ഗെയിംസ് മീറ്റുകൾ നടത്തി വരുന്നത്.

തിരുവനന്തപുരത്തെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, യൂണിവേഴ്സിറ്റി സ്റ്റേഡിയം എന്നിവിടങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നത്. കേരള പോലീസിലെ ദേശീയ അന്തർദേശീയ താരങ്ങൾ ആയിരത്തി അഞ്ഞൂറോളം പേരാണ് കായികമേളയിൽ പങ്കെടുക്കുന്നത്.

സംസ്ഥാന പോലീസിലെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 20 പോലീസ് ജില്ലകളിലെ 41 യൂണിറ്റുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ പോലീസ് മീറ്റിന്റെ ഭാഗമാകുന്നുണ്ട്.

സമാപന ചടങ്ങിൽ ഈ മീറ്റിന്റെ രക്ഷാധികാരിയും സംസ്ഥാന പോലീസ് മേധാവിയുമായ റവാഡ ആസാദ് ചന്ദ്ര ശേഖർ, സംഘാടക സമിതി ചെയർമാനും ഡി.ജി.പിയും വിജിലൻസ് ഡയറക്ടറുമായ മനോജ് എബ്രഹാം, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ,അദാനി എയർപോർട്ട്സ്, ഭാരത് പെട്രോളിയം, കാനറാ

ബാങ്ക്, കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, മലബാർ ഗോൾഡ് പ്രൈവറ്റ് ലിമിറ്റഡ്, ഹോട്ടൽ ലീലാ റാവിസ്, സോമതീരം ആയുർവേദ റിസോർട്ട്സ്, ബാങ്ക് ഓഫ് ബറോഡ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പഞ്ചാബ് നാഷണൽ ബാങ്ക്, ആസ്റ്റർ മിമ്സ് ഹോസ്പിറ്റൽ കണ്ണൂർ, കാസറഗോഡ് ജില്ലാ പോലീസ് സഹകരണ സംഘം, കേരള പോലീസ് ഹൗസിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി, സ്വിസ്റ്റൺ C/o അൽഫസ് ലാമിനേഷൻ, അദാനി വിഴിഞ്ഞം പോർട്ട്, ലുലു മാൾ രാമചന്ദ്രൻ ടെക്സ്റ്റൈൽസ് എന്നിവരുമായി സഹകരിച്ചാണ് കേരള പോലീസ് ഈ കായികമേള സംഘടിപ്പിക്കുന്നത്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

*********************